പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2891 **29-10-2026-ൽ മറുപടിയ്ക്ക്**

കരമന-വെള്ളറട റോഡ് വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരം ജില്ലയിലെ മലയോര മേഖലയെ നഗരവുമായി ബന്ധിപ്പിക്കുന്ന പ്രധാന പാതയായ കരമന-വെള്ളറട റോഡിന്റെ വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു.

(ബി) റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരളം (RICK) ഏറ്റെടുത്തിരിക്കുന്ന ഈ പദ്ധതിയുടെ ഓരോ റീച്ചിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ;

മറുപടി: 35.5 Km നീളം വരുന്ന കരമന -വെള്ളറട റോഡിൽ അതിർത്തി കല്ലുകൾ സ്ഥാപിച്ചു. മൂന്നു റീച്ചുകളായി തിരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നു വരുന്നു .

റീച്ച് -1 - 0/000-5/500 (കരമന മുതൽ കുണ്ടമൺകടവ് പാലം വരെ) -11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. structural valuation പൂർത്തീകരിച്ചു . 19(1) പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

റീച്ച് -II -5.5 Km to 20 Km (കുണ്ടമൺകടവ് പാലംമുതൽ ഞാറവിള വരെ) -സാമൂഹിക ആഘാതപഠനം പൂർത്തിയാക്കുകയും എക്സ്പെർട്ട് കമ്മറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട് .

റീച്ച് -III -20 Km to 35.5Km (ഞാറവിള മുതൽ വെള്ളറട വരെ)-സാമൂഹിക ആഘാതപഠനം പൂർത്തിയാക്കുകയും എക്സ്പെർട്ട് കമ്മറ്റി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട് 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട് .

15.02.2016 ലെ G.O(Rt) No.355/2016/PWD ഉത്തരവ് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത റോഡ് പണികൾ ആരംഭിക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

മറുപടി: 05.03.2025 ന് പൊതുമരാമത്ത് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ KMRL-ന്റെ സമഗ്ര മൊബിലിറ്റി പദ്ധതി കൂടി പരിഗണിച്ച് ആവശ്യമായ ട്രാഫിക് സർവേ,

ടോപ്പോഗ്രാഫിക് സർവേ, ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ എന്നിവ നടത്തി കോസ്റ്റ്-ബെനഫിറ്റ് അനാലിസിസിന്റെ അടിസ്ഥാനത്തിൽ കരമന മുതൽ കാട്ടാക്കട വരെ നാലുവരി പാതയായും കാട്ടാക്കട മുതൽ വെള്ളറട വരെ രണ്ടുവരി പാതയായും വിഭാവനം ചെയ്തുകൊണ്ട് DPR പുതുക്കി തയ്യാറാക്കാൻ തീരുമാനിച്ചിരുന്നു.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ DPR പുതുക്കി തയ്യാറാക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, ട്രാഫിക് സർവേകൾ, ടോപ്പോഗ്രാഫിക് സർവേ എന്നിവ നടത്തുന്നതിനായി സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 279/2026/PWD തീയതി 25.02.2026 പ്രകാരം ₹1,08,00,000/- (ഒരു കോടി എട്ടു ലക്ഷം രൂപ) അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ